# എറണാകുളം റൂറൽ പോലീസിൻെറ സാന്ത്വന സ്പർശം

മൂവാറ്റുപുഴ ജനമൈത്രി പോലീസ് സേനാംഗങ്ങൾ തങ്ങളുടെ മാസ ശമ്പളത്തിൽ നിന്നും സ്വരൂപിച്ച തുക ഉപയോഗിച്ചുകൊണ്ടും, ഉദാരമതികളായ സുമനസ്സുകളുടെ പങ്കാളിത്തം കൊണ്ടും മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലെ റാക്കാട്, കുളങ്ങരക്കുടിയിൽ ശ്രീ. രാജനും കുടുംബത്തിനുമായി പണിത പുതിയ ഭവനത്തിൻെറ താക്കോൽദാന ചടങ്ങ് **2018 ജനുവരി 27-ാം തീയതി പകൽ 02.30** മണിക്ക് നടത്തി.

പ്രസ്തുത ഭവനത്തിൻെറ താക്കോൽ ദാനം ബഹുമാന്യനായ സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോകനാഥ് ബെഹറ ഐ.പി.എസ് അവർകൾ നിർവ്വഹിച്ചു.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്ന പോലീസിൻെറ പ്രഥമ കർത്തവ്യ നിർവ്വഹണം ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം തങ്ങളുടെ സഹജീവികളുടെ ദുരിതത്തിലും തങ്ങളാലാവുംവിധം കൈത്താങ്ങാവണമെന്ന ബോദ്ധ്യത്തിൽ നിന്നുമാണ് ഈ സ്നേഹഭവനം ഉയരുന്നത്. തങ്ങളുടെ കടമകൾ നിറവേറ്റാൻ സമൂഹത്തിനോടുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണിത്.

മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലുള്ളതും, സ്വന്തമായി വീടുവയ്ക്കുന്നതിന് സ്ഥലമുള്ളതും എന്നാൽ ആയതിന് കഴിവില്ലാത്തതുമായ ഒരാളെ കണ്ടെത്തുന്നതിനായി മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള 10 ജനമൈത്രി ബീറ്റുകളിൽ ദിവസങ്ങളോളം നീണ്ടുനിന്ന ജനമൈത്രി സർവ്വേയിൽ കണ്ടെത്തിയ നിരവധി പേരുകളിൽ നിന്നും, സബ്ബ് ഇൻസ്പെക്ടർ ശ്രീ. ജി.പി.മനുരാജ്, ചെയർമാനായുള്ള കമ്മറ്റി തെരഞ്ഞെടുത്ത ഏറ്റവും അനുയോജ്യമായ ശ്രീ. രാജൻെറ കുടുംബത്തിന് വീടുവച്ചു കൊടുക്കുവാൻ തീരുമാനിക്കുകയായിരുന്നു. വാഴക്കുളം പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥനായ ദിലീപാണ് പ്രസ്തുത വീടിൻെറ പ്ലാൻ തയ്യാറാക്കിയത്.

ബഹു. കൊച്ചി റേഞ്ച് ഇൻസ്പെക്ടർ ജനറൽ ശ്രീ. വിജയ് സാഖറെ ഐ.പി.എസ് അവർകൾ അദ്ധ്യക്ഷനായ പ്രസ്തുത ചടങ്ങിൽ, എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി. ജോർജ്ജ് ഐ.പി.എസ് അവർകൾ സ്വാഗതവും, മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ.ബിജുമോൻ കൃതജ്ഞതയും രേഖപ്പെടുത്തി.

എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.എ.വി.ജോർജ്ജ് ഐ.പി.എസ്സ് 31.08.2017 തീയതി പ്രസ്തുത വീടിൻെറ ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചതിന് ശേഷം മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ നിന്നും ദിവസേന പോലീസ് ഉദ്യോഗസ്ഥർ വീടുപണിയിൽ വ്യാപൃതരായിരുന്നു.

മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ തങ്ങളുടെ പാചക നൈപുണ്യത്താൽ ഒരുക്കുന്ന സൽക്കാരവും താക്കോൽ ദാനച്ചടങ്ങിൽ ഉണ്ടായിരുന്നു. പ്ലാൻ തയ്യാറാക്കിയതു മുതൽ താക്കോൽ കൈമാറുന്ന ചടങ്ങിലെ ഭക്ഷണം തയ്യാറാക്കുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ തങ്ങളുടെ വിയർപ്പൊഴുക്കിയിട്ടുണ്ട് എന്ന പ്രത്യേകതക്കൂടി ഈ കർമ്മ പദ്ധതിക്കുണ്ട്.









രാജന്റെ പഴയ വീട്